**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2768 10/07/2015-ൽ മറുപടിയ്ക്ക്

## നാളികേരത്തിന്റെ ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**,, കെ.കുഞ്ഞിരാമൻ (ഉദുമ)**<br>**,, പി.ടി.എ. റഹീം**<br>**,, എം.ചന്ദ്രൻ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞു വരുന്നതായ സർവ്വേ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഉല്പാദനം കുറഞ്ഞതിന് ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ; | ബി) കൃഷി വകുപ്പ് പരിശോധന നടത്തിയിട്ടില്ല. |
| സി) നാളികേര വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം ബജറ്റിലൂടെ പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണ്; ഇതിൽ ഏതൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | സി) **I) 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെപ്പറയുന്നു.**<br>1. നാളികേരത്തിന്റെ ഉല്പാദനം, മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തി നാളികേര കൃഷി ലാഭകരമാക്കുന്നതിനും, കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി ഒരു സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നു.<br>2. ചിതറിക്കിടക്കുന്ന ചെറുകിട നാമമാത്ര തെങ്ങുകർഷകർക്കു ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി ഓരോ ഗ്രാമത്തിലും കേര കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് നാളികേര ഉല്പാദക |

സംഘങ്ങൾ രൂപീകരിക്കുന്നതാണ്. അങ്ങനെയുള്ള ഉല്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ ഫെഡറേഷൻ രൂപീകരിക്കുന്നതുമാണ്.

3. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ പരിശീലനം നേടി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 5000 പേരിൽ ബാങ്ക് വായ്പ എടുത്ത് ഇരുചക്രവാഹനങ്ങൾ വാങ്ങുന്നവർക്ക് 25 ശതമാനം സബ്സിഡി (പരമാവധി 12500 രൂപ) നല്കുന്നതാണ്.
4. കരിക്കിൻ വെള്ള സംസ്കരണം, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് മിൽക്ക് പൗഡർ കോക്കനട്ട് ചിപ്സ് എന്നീ നൂതന നാളികേര വിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന കേരളത്തിലെ പുതിയ യൂണിറ്റുകൾക്ക് നാളികേര ബോർഡിന്റെ സഹായത്തിനു പുറമേ മൂലധന ചെലവിന്റെ 25 ശതമാനം തുക (പരമാവധി 25 ലക്ഷം രൂപ വരെ) സബ്സിഡിയായി നല്കാവുന്നതാണ്.
5. വെട്ടിക്കളയുന്ന തെങ്ങിൻ തടി നിലവിൽ കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല. തെങ്ങു കൃഷി പുനർജീവന പദ്ധതിയിൽ മാത്രം കേരളത്തിൽ ഏകദേശം 10 ലക്ഷത്തോളം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവത്ക്കരണത്തിനുമായി പ്രൈമറി പ്രോസസിംഗിനു വേണ്ടി കേരഫെഡ് എഫ്.ഐ.ടി സംരംഭത്തിന് 5 കോടി രൂപ അനുവദിക്കുന്നതാണ്.

**2012-13- ൽ നടപ്പിലാക്കിയ പദ്ധതികൾ.**

1. നാളികേരത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കൃഷി ഭവനുകൾ മുഖേന

കേരഫെഡിന്റെ സഹായത്തോടു കൂടി പച്ചനാളികേര സംഭരണ പദ്ധതി 2012-13-ൽ നടപ്പിലാക്കി. സംസ്ഥാനത്തെ എട്ടു ജില്ലകളിലെ ( കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ) തെരഞ്ഞെടുത്ത കൃഷി ഭവനുകളിൽ സംഭരിക്കുന്ന നാളികേരം കേരഫെഡ് കൊപ്രയാക്കി മാറ്റുന്നു. പദ്ധതിയുടെ ചെലവുകൾക്കായി 21 കോടി രൂപ കേരഫെഡിനു നല്കിയിട്ടുണ്ട്.

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ട്.

2. കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും ധനസഹായവും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നല്കി വരുന്നു. 2012-13-ൽ നൂതന നാളികേര വിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് എന്ന പദ്ധതിയിൽ നല്കുന്ന 25 ശതമാനം സബ്സിഡിയ്ക്ക് (പരമാവധി 50 ലക്ഷം രൂപ) പുറമേ ബോർഡ് ശുപാർശ ചെയ്യുന്ന യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി 25 ശതമാനം (പരമാവധി 25 ലക്ഷം രൂപ) സബ്സിഡി നല്കി വരുന്നു. മൂല്യവർദ്ധന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയാണ് ഇതിനായി എസ്.എഫ്.എ.സി യ്ക്ക് നല്കിയിരുന്നത്.

## II) <u>2013-14 ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ</u>

1. നാളികേര വികസനവും സംഭരണവും നാളികേരത്തിന്റെ മൂല്യ വർദ്ധനവും, വൈവിദ്ധ്യവത്ക്കരണവും അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികൾ

കോർത്തിണക്കി നാളികേര ബയോ പാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ 2012-13 വർഷത്തിൽ തുടക്കമിട്ടിട്ടുണ്ട്. കൂടാതെ നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ തെങ്ങുകൾ റീ പ്ലാന്റ് ചെയ്യുന്ന പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയനുസരിച്ച് ക്രൊപ്രാ സംഭരണം ഫലപ്രാപ്തിയിലെത്തുന്നില്ലയെന്ന് മനസ്സിലാക്കി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷി ഭവനുകൾ വഴി പച്ച തേങ്ങ സംഭരിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കൃഷി വകുപ്പ് തുടക്കം കുറിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് കർഷകർക്ക് നാളികേരം അതാത് കൃഷി ഭവനുകളിൽ നല്കാവുന്നതും അപ്പോൾ തന്നെ ആയതിന്റെ വില സ്വീകരിക്കാവുന്നതുമാണ്. 2013-14 വർഷത്തിലും ഈ പദ്ധതി കൂടുതൽ കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്.

നാളികേര വികസനത്തിനായി 2013-14 വർഷത്തിൽ 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽ പ്രവർത്തികൾക്കായി 25 കോടി രൂപ കൂടി വകയിരുത്തുന്നു.

**കൈക്കൊണ്ട നടപടികൾ**

നാളികേരത്തിന്റെ മൂല്യവർദ്ധനവും വൈവിദ്ധ്യവത്ക്കരണവും ലക്ഷ്യമാക്കിക്കൊണ്ട് നാളികേര ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള ഓഫീസ് കം ഇൻഫർമേഷൻ

സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

2012-13-ൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നതിന് തുടക്കം കുറിച്ച പദ്ധതി 2013-14-ൽ തുടരുകയും പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകൾ ഉൾപ്പെടെ കൂടുതൽ കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 2012-13-ൽ 21 കോടി രൂപ കേര ഫെഡിന് അനുവദിച്ചിരുന്നു.

III) <u>2014-15 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ</u>

ഉത്പാദനം, സംഭരണം, വിതരണം എന്നീ മേഖലകളെ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി, ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള പ്രായോഗിക നടപടികളിലൂടെ മാത്രമേ കാർഷിക മേഖലയെ ഉയർച്ചയിലേയ്ക്ക് കൊണ്ട് പോകാനാകൂ. കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ആകെ 964.82 കോടി നീക്കിവെച്ചിട്ടുണ്ട്.

<u>നടപ്പിലാക്കിയ പദ്ധതികൾ</u>

കൃഷി ഭവനിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമാക്കുന്നതിന് കേരഫെഡിനുള്ള പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപ 2014-15-ൽ നല്കിയിരുന്നു. കൂടാതെ പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കിയതിനുള്ള ഇൻസെന്റീവ് തുകയായി ക്വിന്റലിന് 500 രൂപ നിരക്കിൽ 1 കോടി രൂപ കേരഫെഡിന് നല്കിയിട്ടുണ്ട്.

തെങ്ങിൽ നിന്നും നീര ഉല്പാദനവും വിതരണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ കേര കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൻ പൂങ്കുല നീര സംസ്കരിച്ച് നീരയും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നീലേശ്വരം കേന്ദ്രമാക്കി 2013-14-ൽ ആരംഭിച്ചു കൊണ്ട്, 2014-15-ൽ നടപ്പിലാക്കിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീര കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന വിതരണം നടത്തുന്നു. പദ്ധതിക്കായി 45 ലക്ഷം രൂപ 2013-14 ലും 85 ലക്ഷം രൂപ 2014-15 ലും കാർഷിക സർവ്വകലാശാലയ്ക്ക് നല്കിയിട്ടുണ്ട്. നീര വിപണനത്തിനായി 180 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷന് 2014-15-ൽ നല്കിയിട്ടുണ്ട്.

| | |
|---|---|
| ഡി) പദ്ധതികൾ നടപ്പാക്കിയിട്ടും ഉല്പാദനം കുറയുവാനിടയായതിന്റെ കാരണം പരിശോധിക്കുമോ? | ഡി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ